**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 34** **08-06-2021 - ൽ മറുപടിയ്ക്ക്**

**ധനദൃഢീകരണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി.അൻവർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര നികുതിവിഹിതത്തിൽ കുറവുണ്ടാകുന്നതും ജി.എസ്.ടി വിഹിതം യഥാസമയം ലഭ്യമാക്കാത്തതും പോലുള്ള കേന്ദ്രസർക്കാരിന്റെ വികല നയങ്ങളും സംസ്ഥാനത്തോടുള്ള വിവേചന പൂർണമായ നിലപാടുകളും സംസ്ഥാനത്തിന്റെ ധനദൃഢീകരണ നടപടികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽ നിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയത് ധന ദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തും. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2020-21 ൽ കേന്ദ്രനികുതി വിഹിതത്തിൽ ബജറ്റിൽ പ്രതീക്ഷിച്ചതിൽ നിന്നും ഏതാണ്ട് 45 % ന്റെ ഇടിവ് ഉണ്ടായിട്ടുണ്ട്. അതേ സമയം, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തി. 2021-22 – ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. |
| (ബി) | കോവിഡ് സൃഷ്ടിക്കുന്ന പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്രസർക്കാരിന്റെ നിസ്സംഗത സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ ഇടിവു സൃഷ്ടിക്കാനും ചെലവിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും | (ബി) | കേന്ദ്രസർക്കാരിന്റെ വാക്സിൻ നയവും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം |

| | | | |
|---|---|---|---|
| | ഇടയാക്കുമെന്നതിനാൽ വികസന പ്രവർത്തനങ്ങളുടെ നൈരന്തര്യത്തിന് ബജറ്റിന് പുറത്തുള്ള വിഭവ സമാഹരണം തുടരാനുള്ള സാധ്യത പരിശോധിക്കുന്നുണ്ടോ; | | നൽകുന്നതിൽ തുടരുന്ന നിസ്സംഗതയും കോവിഡ് സംസ്ഥാനത്ത് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി കൂടുതൽ ഗൗരവതരമാക്കിയിരിക്കുന്നു. ഈ ഘട്ടത്തിൽ സാധാരണ ജനജീവിതവും പൊതുജന ആരോഗ്യ സംരക്ഷണവും ഉറപ്പ് വരുത്തുന്നതിന് സാമൂഹ്യ ക്ഷേമ, ആരോഗ്യ മേഖലകളിൽ അധിക ചെലവ് വഹിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ആയത് പരിഗണിക്കുമ്പോൾ ഉയർന്ന വരുമാന കമ്മിയും ധനകമ്മിയും ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെയൊരു പശ്ചാത്തലത്തിൽ സംസ്ഥാന അടിസ്ഥാന സൗകര്യ മേഖലയിലെ ആവശ്യങ്ങൾക്ക് പണം ബജറ്റിന് പുറത്ത് നിന്നും കണ്ടെത്തേണ്ടതുണ്ട്. അത് കൊണ്ട് തന്നെ ഈ ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ ലക്ഷ്യ പൂർത്തീകരണത്തിന് ഉതകുന്ന രീതിയിൽ തുടരുന്നതാണ്. |
| (സി) | നികുതിദായകരോടു സൗഹൃദ സമീപനം പുലർത്തുമ്പോൾത്തന്നെ നികുതി ചോർച്ച ഒഴിവാക്കാൻ വേണ്ട നടപടികൾ കൂടി ഊർജ്ജിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കോവിഡ് സൃഷ്ടിച്ച വിഷമ ഘട്ടത്തിൽ നികുതിദായകരോട് ഒരു സൗഹൃദ സമീപനം സ്വീകരിക്കേണ്ടത് അനിവാര്യമാണ്. അതോടൊപ്പം നികുതി പിരിവ് കാര്യക്ഷമവും ഊർജ്ജിതവുമാക്കുന്നതിനുതകുന്ന നടപടികളും ആവശ്യമാണ്. ഇതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യാ ഉപകരണങ്ങൾ ഉപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഡാറ്റാ അധിഷ്ഠിത തീരുമാനങ്ങൾ പ്രാപ്തമാക്കുന്നതിന് നികുതി വകുപ്പിനെ സജ്ജമാക്കുക, VAT കുടിശ്ശിക പിരിവ് പ്രക്രിയയുടെ ലഘൂകരണം, ലോട്ടറി ഏജന്റുമാർക്ക് ഷോപ്പ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കൽ, ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കൽ എന്നിവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ